8. പി. ഡി. പട്ടാഴി ദേവസ്വം (ശ്രീകോവിൽ ചെമ്പ് തകിട് പൊതിയുന്നതിന്) - 51,76,519

9. അട്ടൂർ ദേവസ്വം (ശ്രീകോവിൽ ചെമ്പ് തകിട് പൊതിയുന്നതിന്) - 14,40,822

ടി ജോലികളെല്ലാം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അപേക്ഷ ലഭിച്ചതിന്മേലുള്ള ഉത്തരവിൻപ്രകാരമാണ് പണികൾ നടത്തിയിട്ടുള്ളതെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് എഞ്ചിനിയറിംഗ് വിംഗ് അറിയിച്ചിട്ടുണ്ട്.

ക്ഷേത്രക്കുളങ്ങളുടെ സംരക്ഷണം

130 (3564) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ക്ഷേത്രക്കുളങ്ങളുടെ സംരക്ഷണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ക്ഷേത്രക്കുളങ്ങളുടെ സംരക്ഷണം സംബന്ധിച്ച് ജലസേചന വകുപ്പുമായി ഏകോപനം നടത്തുന്ന കാര്യം പരിശോധിക്കുമോ ; ?

ഉത്തരം

(എ&ബി) ഉണ്ട്. ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവ്, കുളം, ആൽത്തറ എന്നിവ സംരക്ഷിക്കുന്നതിന് ഒരു പ്രത്യേക പദ്ധതി ആവിഷ്കരിക്കുകയും ഇതിനായി 2014-15 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ വിവിധ ദേവസ്വങ്ങൾക്കായി അനുവദിക്കുകയുമാണുചെയ്തിട്ടുള്ളത്. ഇക്കാര്യത്തിൽ ജലസേചന വകുപ്പുമായി ഏകോപനം നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സി. സി. രവിയുടെ സസ്പെൻഷൻ

131 (3565) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള കൊട്ടാരക്കര ഗ്രൂപ്പിൽ പോരേടം സബ് ഗ്രൂപ്പിൽപ്പെട്ട ചുള്ളണ്ണി ദേവസ്വത്തിൽ കഴകം തസ്തികയിൽ ജോലി നോക്കിയിരുന്ന സി. സി. രവിയെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യാനിടയായ സാഹചര്യം വിശദമാക്കുമോ ;

(ബി) ടിയാനെ പ്രസ്തുത സംഭവത്തിൽ സസ്പെൻഡ് ചെയ്തത് എന്നാണെന്നും അതിനുശേഷം സർവ്വീസിൽ തിരിച്ചെടുത്തത് എന്നാണെന്നും അറിയിക്കുമോ ;

(സി) ടിയാന്റെ സേവന കാലയളവിനുള്ളിൽ എത്ര തവണ ശിക്ഷ, അച്ചടക്ക നടപടികൾക്ക് വിധേയനായിട്ടുണ്ടെന്നും അതിന്റെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly